**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4755 27/06/2014-ൽ മറുപടിയ്ക്ക്

## നഗര പ്രദേശങ്ങളിലെ 'മട്ടുപ്പാവ് കൃഷി '

ചോദ്യം
ശ്രീ.കെ.വി. വിജയദാസ്

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും**
അച്ചടിയും സ്റ്റേഷനറിയും
**വകുപ്പു മന്ത്രി)**

എ) നഗര പ്രദേശങ്ങളിൽ 'മട്ടുപ്പാവ് കൃഷി' അല്ലെങ്കിൽ 'ടെറസ്സിലെ കൃഷി' പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

എ) 'മട്ടുപ്പാവ് കൃഷി' പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി 2012-13 മുതൽ പച്ചക്കറി വികസന പദ്ധതി പ്രകാരം 'അർബൻ ക്ലസ്റ്റർ വികസനം' എന്ന പദ്ധതി ഘടകം നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം നഗര/നഗരപ്രാന്ത പ്രദേശങ്ങളിൽ മട്ടുപ്പാവ് കൃഷിയ്ക്കായി 25 ഗ്രോബാഗുകൾ അടങ്ങുന്ന 2000 രൂപ വിലയുള്ള ഗ്രോബാഗു യൂണിറ്റുകൾ 500 രൂപയ്ക്ക് വിതരണം ചെയ്യുന്നു. ബാക്കി 1500 രൂപ ധനസഹായമായി നൽകും. ഗ്രോബാഗുകളിൽ പോട്ടിംഗ് മിശ്രിതം നിറച്ച് പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ചാണ് കർഷർക്ക് വിതരണം ചെയ്യുന്നത്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, കേരളാ വിത്തു വികസന അതോറിറ്റി, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള, കൃഷി വകുപ്പിന്റെ ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് ഗ്രോബാഗുകൾ തയ്യാറാക്കി വിതരണം ചെയ്യുന്നത്. കൂടാതെ മുൻ വർഷങ്ങളിൽ മട്ടുപ്പാവ് കൃഷിക്ക് നൽകിയ ഗ്രോബാഗുകളുടെ പുനരുജ്ജീവനത്തിന് വിത്ത്, തൈകൾ, ജൈവ/ജീവാണു വളങ്ങൾ എന്നിവ നൽകുന്നതിനും പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. നടപ്പുവർഷം സംസ്ഥാനത്തൊട്ടാകെ 28334 ഗ്രോബാഗു യൂണിറ്റുകൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നഗര പ്രദേശങ്ങളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നഗരവാസികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുമായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 2004

മുതൽ `ഹരിതനഗരി` എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. നാളിതുവരെ 17000 ത്തോളം നഗരവാസികൾ പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കളായി മാറിക്കഴിഞ്ഞിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം വെജിറ്റബിൾ ഡവലപ്പ്മെന്റ് പദ്ധതി പ്രകാരം, മുനിസിപ്പൽ പ്രദേശങ്ങളിലെ വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ, മരട്, ഏലൂർ, കളമശ്ശേരി, ആലുവ എന്നീ മുനിസിപ്പാലിറ്റികളിൽ `ഗ്രോബാഗ്` പദ്ധതിയും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിക്കഴിഞ്ഞു. പോട്ടിങ് മിശ്രിതം നിറച്ച് പച്ചക്കറിത്തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ 6650 വീടുകളിൽ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. വീട്ടുവളപ്പിലെ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 33 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ കൗൺസിൽ വിതരണം ചെയ്തിട്ടുണ്ട്. 2013-14 സാമ്പത്തികവർഷം എറണാകുളം ജില്ലയിലെ 42 കൃഷി ഭവനുകൾ വഴി 3000 യൂണിറ്റ് ഗ്രോബാഗുകൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്ത് കഴിഞ്ഞു. 2014-15 സാമ്പത്തിക വർഷവും ഈ പദ്ധതികൾ കൗൺസിൽ നടപ്പിലാക്കുന്നുണ്ട്.

| | |
|---|---|
| ബി) കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നല്ലയിനം വിത്തും, തൈകളും മറ്റ് സാമഗ്രികളും നൽകുന്നതിനു പുറമെ അതത് മേഖലകളിലെ കൃഷി ഉദ്യോഗസ്ഥരുടെ പീരിയോഡിക്കലായ സേവനവും ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. മട്ടുപ്പാവ് കൃഷിക്ക് നൽകുന്ന ഗ്രോബാഗുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും കർഷകർക്ക് ആവശ്യമായ പരിശീലനം, നിർദ്ദേശങ്ങൾ എന്നിവ നൽകുന്നതിനും കൃഷി ഭവൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഗ്രോബാഗുകളിൽ പച്ചക്കറി കൃഷി ചെയ്തു വരുന്ന വീട്ടമ്മമാരെ ഉൾപ്പെടുത്തി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. പച്ചക്കറികളുടെ പരിചരണം, വളപ്രയോഗം, കീടനിയന്ത്രണം എന്നിവ സംബന്ധിച്ച് ലഘുലേഖകളും കൗൺസിൽ നല്കിയിട്ടുണ്ട്. |

സി) **പ്രസ്തുത കൃഷി നടത്തിപ്പിനായുള്ള കൃഷി വകുപ്പിന്റെ ഇടപെടൽ സമൂഹത്തിൽ വലിയ മാറ്റം വരുത്തുമെന്നതിനാൽ അതിന്മേൽ ക്രിയാത്മകമായ നടപടി സ്വീകരിക്കുമോ?**

സി) ക്രിയാത്മകമായ നടപടി സ്വീകരിച്ചിട്ടുണ്ട്. വിതരണം ചെയ്യുന്ന ഗ്രോബാഗുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ, പരിശീലനം എന്നിവ തക്കസമയത്ത് നൽകുന്നതിനും വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ഗ്രോബാഗ് വിതരണം സംബന്ധിച്ച് പരാതികൾ ഉണ്ടായാൽ ആയത് ഉടൻ തന്നെ പരിഹരിക്കുന്നതിന് ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**